No. CEE/4245/PGM-2018/TA3

കേരള സർക്കാർ

പ്രവേശന പപരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

# 2018 ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ്

## ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം ലഭ്യമാക്കി

2018-ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് വീണ്ടും നടത്തുന്നതിനായി WP(C)No. 357 of 2018-മേൽ 03.05.2018 ന് ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം പുതുക്കിയ രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **05.05.2018** ന് ആരംഭിക്കുന്നു. ഇതിലേയ്ക്കായി **05.05.2018** മുതൽ **08.05.2018 വൈകുന്നേരം 3 മണി** വരെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ/ പുന:ക്രമീകരണം/റദ്ദാക്കൽ/ഓപ്ഷൻ രജിസ്ട്രേഷൻ എന്നിവയ്ക്കുള്ള സൗകര്യം ലഭ്യമാകുന്നതാണ്.

27.04.2018 ലെ കേന്ദ്ര അരോഗ്യ മന്ത്രായലത്തിന്റെ കത്ത് പ്രകാരം നീറ്റ് പി.ജി 2018 ന്റെ യോഗ്യതാ മാനദണ്ഡത്തിൽ ഇളവ് വരുത്തിയിട്ടുണ്ട്. തുടർന്ന് 28.04.2018 മുതൽ 03.05.2018 വരെ പുതുതായി യോഗ്യത നേടിയ വിദ്യാർത്ഥികളിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അപേക്ഷകൾ ക്ഷണിച്ചിരുന്നു. ഈ അപേക്ഷകരെയും കൂടി ഉൾപ്പെടുത്തിയക്കൊണ്ടുള്ള പരിഷ്കരിച്ച റാങ്ക് ലിസ്റ്റ് **05.05.2018**-ന് പ്രസിദ്ധീകരിക്കുന്നതാണ്. ആൾ ഇന്ത്യാ ക്വാട്ടയിൽ നിന്നും സംസ്ഥാന ക്വാട്ടയിലേയ്ക്ക് മടക്കി നൽകിയ സീറ്റുകൾ, സർക്കാർ മെഡിക്കൽ കോളേജുകളിലെ ഒഴിവുള്ള/ വർദ്ധിപ്പിച്ച സീറ്റുകൾ, സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ സമുദായ സീറ്റുകളും, എൻ.ആർ.ഐ സീറ്റുകളും ഉൾപ്പെടെയുള്ള സീറ്റുകൾ എന്നി വയിലേയ്ക്ക് ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തുന്നതാണ്.

രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ യാതൊരു കാണവശാലും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. കൂടാതെ അവരുടെ നിലവിലുള്ള ഓപ്ഷനുകൾ റദ്ദാകുന്നതുമാണ്.

ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷന് പാലിക്കേണ്ട നിബന്ധനകൾ, കോളേജുകൾ, ഫീസ് എന്നിവ സംബന്ധിക്കുന്ന വിശദവിവരം www.cee.kerala.gov.in, www.cee-kerala.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാക്കുന്നതാണ്. ഓൺലൈൻ ഓപ്ഷൻ സമർപ്പണം സംബന്ധിച്ച വിജ്ഞാപനം നിർബന്ധമായും വായിച്ചിരിക്കേണ്ടതാണ്.

**ഹെൽപ്പ്ലൈൻ നമ്പറുകൾ: (0471) 2339101, 2339102, 2339103, 2339104**

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
04.05.2018